“ഭരണഭാഷ–മാതൃഭാഷ”

# വടക്കേക്കര ഗ്രാമപഞ്ചായത്ത്

വടക്കേക്കര പി. ഒ., പിൻ – 683 522, പറവൂർ
എറണാകുളം, ഫോൺ : 0484 - 2442265

നമ്പർ: SC2-..2412../25 *തീയതി :* **26.03.2025**

പ്രേഷകൻ

സെക്രട്ടറി

വടക്കേക്കര ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ജോയിന്റ് ഡയറക്ടർ

എറണാകുളം

സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്ത്- കെട്ടിട നിർമ്മാണ അനുമതി- പരാതി അദാലത്ത് വിശദീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന : 24.03.2025 തീയതിയില് നടന്ന ഓൺലൈൻ പെർമനൻറ് അദാലത്തിലെ നിർദ്ദേശം

മേൽ വിഷയത്തിലേക്ക് അദാലത്തിലെ നിർദ്ദേശപ്രകാരം വിശദീകരണം നൽകുന്നു.

ശ്രീ ലൈജു എൻ ഡി, നീലിമത്തറ, മാല്യങ്കര എന്ന വ്യക്തിയുടെ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷ *11.12.2024* തീയതിയിൽ ലഭിച്ചതിനെ തുടർന്ന് *13.12.2024* ന് സാങ്കേതികാനുമതിക്കായി എൻജിനീയറിങ് വിഭാഗത്തിന് നൽകിയിരുന്നു. എൻജിനീയറിങ് വിഭാഗം സാങ്കേതിക പരിശോധന നടത്തി ന്യൂനതകൾ ചൂണ്ടിക്കാട്ടി *29.12.2024* തീയതിയിൽ പഞ്ചായത്ത് ഓഫീസിലേക്ക് ഫയൽ തിരിച്ചയച്ചു. ന്യൂനത അറിയിക്കുന്നതിനുള്ള കത്ത് *03.01.2025* ന് സെക്ഷൻ തയ്യാറാക്കുകയും ആയത് മനഃപൂർവ്വം അല്ലാതെ അസിസ്റ്റൻറ് എൻജിനീയറുടെ

ലോഗിനിലേക്ക് അയച്ചതാണ് ന്യൂനത പരിഹരിക്കുന്നതിനുള്ള കത്ത് അപേക്ഷകന് വൈകി ലഭിക്കുന്നതിന് കാരണമായത്. മേൽ സംഭവിച്ച മനപ്പൂർവമല്ലാത്ത വീഴ്ചയിൽ ഖേദിക്കുന്നു.

അസിസ്റ്റന്റ് എൻജിനീയറുടെ ലോഗിനിലേക്ക് അയച്ച കത്ത് *25. 01.2025* ൽ ഓഫീസിൽ ലഭിക്കുകയും കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ സാങ്കേതിക പരിശോധന നടത്തിയത് പ്രകാരം റിപ്പോർട്ട് ചെയ്ത ന്യൂനതകൾ *27.01.2025* തീയതി കത്ത് മുഖേന അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്.

ഈ കാലയളവിൽ വാർഡ് *20* ന്റെ ചുമതലയുള്ള എൽ എസ് ജി ഡി എൻജിനീയറിങ് വിഭാഗത്തിലെ *Third Grade Overseer* ക്ക് *13.01.2025* വരെ കോട്ടുവള്ളി പഞ്ചായത്തിന്റെ അധിക ചുമതല (ആഴ്ചയിൽ രണ്ടുദിവസം) ഉണ്ടാവുകയും *13.01.2025* ൽ ഈ ഓഫീസിലെ *First grade overseer* ക്കു പ്രമോഷൻ ട്രാൻസ്ഫറായി പോയതിനെത്തുടർന്ന് *Third Grade Overseer* ക്കു കോട്ടുവള്ളിയിലെ ചുമതല ഒഴിവാക്കി ഫസ്റ്റ് ഗ്രേഡ് ഓവർസിയരുടെ അധിക ചുമതല നൽകുകയും ചെയ്തു. *Overseer* സൈറ്റും അസിസ്റ്റന്റ് എൻജിനീയർ ബില്ല് തയ്യാറാക്കുന്നതിന്റെയും, പ്രൊജക്റ്റ് സാങ്കേതികാനുമതി വാങ്ങുന്നതിന്റെ തിരക്കിൽ പെട്ടതിനാലാണ് ടി ഫയൽ റൂട്ട് മാറി ലോഗിനിൽ വന്നത് ശ്രദ്ധയിൽപ്പെടാതിരുന്നത് എന്ന് അസിസ്റ്റന്റ് എൻജിനീയറിൽ നിന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

*27.01.2025* തീയതി കത്തു മുഖേന അപേക്ഷകനെ അറിയിച്ചതിനെത്തുടർന്ന് ന്യൂനത പരിഹരിച്ചതായി കാണിച്ച് അപേക്ഷകൻ സമർപ്പിച്ച ഫയൽ വീണ്ടും സാങ്കേതിക പരിശോധനയ്ക്ക് നൽകുകയും ആയത് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട ന്യൂനതകൾ അപേക്ഷകന് *25.02.2025* തീയതി കത്തു മുഖേന അപേക്ഷകന് അറിയിച്ചിട്ടുണ്ടായിരുന്നു. എങ്കിലും ടി ന്യൂനതകൾ നാളിതുവരെ പരിഹരിച്ച് നൽകിയിട്ടുണ്ടായിരുന്നില്ല. ഈ ഓഫീസിലെ ബിൽഡിംഗ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ലർക്ക് അക്കൌണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച് 15.01.2025 ൽ വിടുതൽ ചെയ്ത് എസ് സി2 സെക്ഷന് അധിക ചുമതല നൽകിയതും മാലിന്യമുക്ത നവ കേരളത്തിന്റെ ഭാഗമായി അടിയന്തരമായി ചെയ്തുതീർക്കേണ്ട പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാലും മന:പൂർവ്വമായ വീഴ്ചയ്ക്ക് കാരണമായിട്ടില്ല എന്ന വിവരവും ബോധിപ്പിച്ചു കൊള്ളുന്നു.

ടി പരാതിക്കാരൻ 26.03.2025 തീയതിയിൽ ന്യൂനതകൾ പരിഹരിച്ച ഫയൽ പുന.സമർപ്പിച്ചിട്ടുള്ളതും ആയതിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തി അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ലഭ്യമായതിൻറെ അടിസ്ഥാനത്തിൽ ടി തീയതിയി തന്നെ ഫീസ് ഡിമാൻറ് ചെയ്ത് ഫീസ് അടവാക്കേണ്ട വിവരം പരാതിക്കാരനെ ഫോൺ സന്ദേശം മുഖേൻ അറിയിച്ചിട്ടുള്ളതുമാണ്. ടിയാൾ 28.03.2025 ന് ഫീസ് അടവാക്കിയിട്ടുള്ളതും ആയത് പ്രകാരം ടിയാന് 28.03.2025 തീയതിയിൽ *A4–BA(116938)/2025* നമ്പർ പ്രകാരം പെർമിറ്റ് അപ്രൂവ് ചെയ്തിട്ടുള്ളതാണ് എന്നുള്ള വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

Ajitha

SECRETARY
VADAKKEKARA GRAMA PANCHAYATH
VADAKKEKARA (P. O.)
PHONE: 0484 2442265

VADAKKEKARA GRAMA PANCHAYATH OFFICE
VADAKKEKARA P. O.